ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

DAYANANDA SANDESAM



പുസ്തകം: 12 | ലക്കം: 9

## ജാലിയൻ വാലാബാഗ് സ്മൃതി ദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ഏപ്രിൽ 6: മഹാശയ് രാജ്പാൽ രക്തസാക്ഷി ദിനം
ഏപ്രിൽ 13: ജാലിയൻ വാലാബാഗ് സ്മൃതി ദിനം
ഏപ്രിൽ 19: മഹാത്മാ ഹംസരാജ് ജന്മദിനം
ഏപ്രിൽ 20: പണ്ഡിത വേദബന്ധു ശർമ്മ ജന്മദിനം
ഏപ്രിൽ 26: പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി ജന്മദിനം

വാർഷിക വരിസംഖ്യ:125/-    ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: മാധവം-ശുക്ര
ചാന്ദ്രമാസം: വൈശാഖം-ജേഷ്ഠം, കൊല്ലവർഷം: 1200 മേടം-എടവം 2025 ഏപ്രിൽ

FOR PROOF READING ONLY



# വേദാധ്യയനം

*(മുൻലക്കത്തിന്റെ തുടർച്ച)*

**മണ്ഡലം 1** **സൂക്തം 15**

**മു**കളിൽ പറഞ്ഞിട്ടുള്ള അഗ്നി തന്നെയാണ് മറ്റു പദാർത്ഥങ്ങളെ നൽകുന്നതും നൽകിക്കുന്നതും. ഈ വിഷയത്തിന്റെ ഉപദേശം അടുത്ത മന്ത്രത്തിൽ നൽകുന്നു.

കാണ്വോ മേധാതിഥിർ ഋഷിഃ I
ദ്രവിണോദാ ദേവതാ I
ഗായത്രീ ഛന്ദഃ I ഷഡ്ജഃ സ്വരഃ II

ദ്രവിണോദാ ദദാതി നോ വസൂനി യാനി ശൃണ്വിരേ I
ദേവേഷു താ വനാമഹേ II

(ഋഗ്വേദം 1.15.8)

**പദാർത്ഥം:–** നമ്മുടെ (യാനി) ഏതൊരു (ദേവേഷു) വിദ്വാൻ അഥവാ ദിവ്യ സൂര്യൻ അതായത് ശില്പവിദ്യയാൽ സിദ്ധിക്കുന്ന വിമാനം തുടങ്ങിയ പദാർത്ഥങ്ങൾ (വസൂനി) ഏതൊരു വിദ്യാ ചക്രവർത്തി രാജ്യം പ്രാപിക്കുന്നതിനുയോഗ്യമായ ഉത്തമ ധനമാണെന്ന് കേൾക്കപ്പെടുന്നുവോ (ശൃണ്വിരേ) നമ്മൾ (വനാമഹേ) ആരുടെ സേവനമാണോ ചെയ്യുന്നത് (താ) അവർക്ക് (ദ്രവിണോദാഃ) ജഗദീശ്വരൻ (നഃ) നമുക്കായി (ദദാതി) തന്നാലും, അതായത് നല്ല പ്രകാരത്തിൽ സിദ്ധിച്ച ഭൗതികാഗ്നിയേയും നൽകിയാലും.

**ഭാവാർത്ഥം:–** പരമേശ്വരൻ ഈ പ്രപഞ്ചത്തിലെ ജീവികൾക്കായി ഏതൊരു പദാർത്ഥങ്ങളാണോ ഉണ്ടാക്കിയിരിക്കുന്നത്, ഉപകാരപ്പെടുത്തിയിരിക്കുന്നത്, ആ പാദർത്ഥങ്ങളിൽ നിന്ന് എത്രകണ്ട് പ്രത്യക്ഷവും അപ്രത്യക്ഷവുമായ വസ്തുക്കളാൽ സുഖമുണ്ടാവുന്നുവോ അത് പണ്ഡിതൻമാരുടെ സംഗമത്താൽ സുഖം നൽകുന്നവയായിത്തീരുന്നു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമ : കെ.എം. രാജൻ മീമാംസക്)**

**(തുടരും)**

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 12 ലക്കം 9

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: മാധവം - ശുക്ര
ചാന്ദ്രമാസം: വൈശാഖം - ജേഷ്ഠം, കൊല്ലവർഷം: 1200 മേടം - എടവം 2025 ഏപ്രിൽ

**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്
ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ, സന്തോഷ് വി.കെ, പി.പി. സരളാദേവി, സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ

## താളുകൾ മറിക്കുമ്പോൾ

വേദാദ്ധ്യയനം ........ 2
മുഖവാണി ........ 3
ഋഗ്വേദാദിഭാഷ്യഭൂമിക ........ 5
മനുസ്മൃതി ........ 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ? ........ 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ .. 9
ജീവിതം ഒരലയാഴി ........ 11
ന്യായ ദർശനം വാത്സ്യായന ഭാഷ്യം ........ 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം ........ 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ ........ 15
ഗുണപാഠ കഥകൾ ........ 17
യജുർവേദം ഒരു സരള പരിചയം ........ 18
ആര്യസമാജ പ്രസിദ്ധീകരണങ്ങൾ ........ 19

## വിലാസം

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org

# മുഖവാണി

## ആര്യസമാജം കേരളത്തിൽ

*(തുടർച്ച)*

**ച**രിത്രപരമായി എ.ഡി. 825ൽ മാലിക് ഇബ്നുദിനാറിനെ നേതാവായി സ്വീകരിച്ച 15 അറബികളുടെ ഒരു സംഘം മലബാർ തീരത്തെ ക്രാങ്കണൂരിൽ വന്നിറങ്ങി, വ്യത്യസ്ത സ്ഥലങ്ങളിൽ പത്ത് പള്ളികൾ നിർമ്മിച്ച് മതപരിവർത്തനം ആരംഭിച്ചു, അതിന്റെ ഫലമായി മാപ്പിള വംശം സൃഷ്ടിക്കപ്പെട്ടു. ഈ വംശം അതിവേഗം പുരോഗമിച്ചു, എ.ഡി. 1342-47ൽ ടാൻജിയേഴ്സിലെ ഷെയ്ഖ് ഇബ്നുബത്തൂത്ത മലബാർ സന്ദർശിച്ചപ്പോൾ, പടിഞ്ഞാറൻ തീരത്ത് ചിതറിക്കിടക്കുന്ന മാപ്പിളമാരെ അദ്ദേഹം കണ്ടെത്തി. അറബ് വ്യാപാരത്തിന്റെ മുഖ്യ രക്ഷാധികാരികളിൽ ഒരാളായ കോഴിക്കോട് സാമൂതിരി, തന്റെ പ്രതാപത്തിനായി ആശ്രയിച്ചിരുന്ന അറബ് കപ്പലുകളെ നിയന്ത്രിക്കുന്നതിന് മതപരിവർത്തനത്തെ തീർച്ചയായും പ്രോത്സാഹിപ്പിച്ചു. കൂടാതെ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലും ഒന്നോ അതിലധികമോ പുരുഷ അംഗങ്ങളെ മുസ്ലീമായി വളർത്തണമെന്ന്

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

FOR PROOF READING ONLY



അദ്ദേഹം ഉത്തരവിട്ടു. മൈസൂർ അധിനിവേശ സമയത്ത് ടിപ്പു നിർബന്ധിത മതപരിവർത്തനത്തിന് ഉത്തരവിട്ടു. ലഭ്യമായ രേഖകളിൽ നിന്ന്, മലബാറിലെ മാപ്പിളമാർക്ക് ഇടയ്ക്കിടെ ഹാലിളക്കം (മതഭ്രാന്ത്) ഉണ്ടായി ഹിന്ദുക്കളെ കൊല്ലുകയും ക്ഷേത്രങ്ങൾ നശിപ്പിക്കുകയും ആളുകളെ നിർബന്ധിച്ച് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തിരുന്നുവെന്ന് നമുക്ക് കാണാം. ഈ ബന്ധത്തിൽ ഉൾപ്പെട്ടവരെ സൈന്യം വെടിവെച്ചുകൊല്ലുകയോ രാജ്യത്തിന് പുറത്തേക്ക് അയയ്ക്കുകയോ ചെയ്തു. ഒന്നാമതായി ഓരോ മാപ്പിളയും തങ്ങൾ രക്തസാക്ഷികളായി മാറിയെന്ന് വിശ്വസിക്കുന്നു. രണ്ടാമതായി അവർ ഇസ്ലാമിന്റെ വ്യാപനത്തിനായി എവിടെ നിന്നോ പ്രാർത്ഥിക്കുന്നുണ്ടെന്ന് വിശ്വസിക്കുന്നു. 1836 മുതൽ 1919 വരെ ഇത്തരം നിരവധി കലാപങ്ങൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്, ഇതിന്റെ ഫലമായി 2,83,000 ത്തോളം പേരെ നിർബന്ധിത മതപരിവർത്തനം ചെയ്യപ്പെട്ടു. ഈ കലാപങ്ങൾ 1921 ലെ മാപ്പിളലഹളയിൽ കലാശിച്ചു. ഇത് വരാൻ പോകുന്ന അപകടത്തെ കുറിച്ച് എല്ലാ ഹിന്ദുക്കളുടെയും കണ്ണ് തുറപ്പിക്കാൻ ഉതകുന്നതാണ്.

**മാപ്പിളസ്ഥാൻ ആവശ്യം**

മദ്രാസ് ലജിസ്ലേറ്റീവ് അസംബ്ലിയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഭാഷാടിസ്ഥാനത്തിലുള്ള പ്രവിശ്യകൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ മാപ്പിളസ്ഥാൻ രൂപീകരിക്കാനുള്ള ആവശ്യമുയർന്നിരുന്നു. ഭാരത പാർലിമെന്റിലെ ഒരു മാപ്പിള അംഗം ഇപ്പോൾ ഒരു പാകിസ്ഥാൻ നയതന്ത്ര പ്രതിനിധിയാണ്. കേരളത്തിലങ്ങോളമിങ്ങോളമുള്ള മാപ്പിളമാർ അപകടകരമായ തരത്തിൽ പാകിസ്ഥാൻ അനുകൂലികളാണ്. മുല്ലാക്കമാരുടെയും മുസലിയാർമാരുടേയും നേതൃത്വത്തിൽ ഗൂഢപ്രവൃത്തികൾ അവർ ആസൂത്രണം ചെയ്തുവരുന്നു.

**(തുടരും)**

- പത്രാധിപർ


**ദയാനന്ദ സന്ദേശം മാസിക**

**സത്യ - സനാതന - വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക...................... പ്രചരിപ്പിക്കുക.............. വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 4264000100072426, Punjab National Bank Cherpalcheri**


ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**

FOR PROOF READING ONLY





*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരം:

അഭിത്വാ ശൂര നോനുമോऽദുഗ്ധാ ഇവ ധേനവഃ ।
ഈശാനമസ്യ ജഗതഃ
സ്വർദൃശമീശാനമിന്ദ്ര തസ്ഥുഷഃ ॥ 11 ॥
ന ത്വാവാം അന്യോ ദിവ്യോ ന പാർഥിവീ
ന ജാതോ ന ജനിഷ്യതേ ।
അശ്വായന്തോ മഘവന്നിന്ദ്ര വാജിനോ
ഗവ്യം ത്സ്ത്വാ ഹവാമഹേ ॥ 12 ॥

ഇത്യാദയ ശ്ച ।
നാസ്ദാസീന്നോ സദാസീത്തദാനീം
നാസീദ്രജോ നോ വ്യോമാ പരോ യത് ല
കിമാവരീവഃ കുഹ കസ്യ ശർമ്മന്നഭഃ
കിമാസീദ് ഗഹനം ഗഭീരമ് ॥ 13 ॥

ഇയം വിസൃഷ്ടിര്യത് ആബഭൂവ യദി വാ
ദധേ യദി വാ ന ।
യോ അസ്യാധ്യക്ഷഃ പരമേ വ്യോമൻത്സോ
അങ്ഗവേദ യദി വാ ന വേദ ॥ 14 ॥

ഇത്യന്താഃ സപ്ത
(നാസദ് ഇത്യാരഭ്യ 'ഇയമ്'
ഇത്യന്താഃ സപ്തെത്യർത്ഥഃ ।
ഋ. അ. 8 ।അ. 7 । വ. 17 । മ. 1, 7

(അഥർവ്വവേദം 10.7.8.12 )

യത് പരമമവം യച്ച മധ്യമം
പ്രജാപതിഃ സസൃജേ വിശ്വരൂപമ് ।
കിയതാ സ്കംഭഃ പ്ര വി വേശ തത്ര യന്ന ര
പ്രാവിശത് കിയത്തദ് ബ ഭൂവ ॥ 15 ॥

(തുടരും)

**വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)**
**വിപ്രൻ സത്യവ്രതനും അമരനുമാകുന്നു**

FOR PROOF READING ONLY





(മുൻലക്കത്തിന്റെ തുടർച്ച)

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

| അധ്യായം: 1 | മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച) |
|---|---|

## മനുസ്മൃതിയും അതിന്റെ ഭാഷയും (തുടർച്ച.....)

**എ**ന്നിരുന്നാലും വ്യാഖ്യാതാക്കൾ ഇവക്ക് വ്യാകരണപരമായ മറുപടി നൽകിയിട്ടുണ്ട്. 'അല്പാച് തരം പൂർവ്വമ്' (അഷ്ടാധ്യായി 2.2.34) നിയമപ്രകാരം 'അൽപാച്' ആയതിനാൽ ഛന്ദസ്സിൽ ദണ്ഡ പരിഗണന ആദ്യമേ തന്നെ നൽകിയിരിക്കുന്നു. ആ വാദം സ്വീകരിച്ചാലും കുഴപ്പമൊന്നുമില്ല. എന്നാൽ ഇതിന്റെ വ്യാഖ്യാനക്രമം ഒരു നിശ്ചിത ശൃംഖലയിലാണ്. അപ്പോൾ ആ ക്രമം മാറ്റി വെച്ച് 'അല്പാച്' മഹത്ത്വവത്കരിക്കുന്നതിന് ഒരു ന്യായീകരണവുമില്ല. സ്വതന്ത്ര പരിഗണനയിൽ ഈ നിയമം യുക്തിയുക്തമാണ്. ഈ നിയമം കൂടാതെ മേൽപറഞ്ഞ വിധം 'വാഗ്ദാണ്ഡികേ' പദം പ്രയോഗിച്ചാൽ ഛന്ദോഭംഗം തീർച്ചയായും സംഭവിക്കുന്നതാണ് എന്ന് കരുതാം. അതിനാലാവാം 'ദണ്ഡവാചികേ' പ്രയോഗിച്ചത്. ഇതുപോലുള്ള ഉദാഹരണങ്ങൾ പലയിടത്തും ധാരാളമായി കാണപ്പെടുന്നു.

(ഖ) 12.83 ൽ 6 നിശ്രേയസകർമ്മങ്ങളുടെ പരിഗണനയും ഈ ക്രമത്തിലാണ് നടത്തിയിരിക്കുന്നത്. വേദാഭ്യാസം, തപം, ജ്ഞാനം, ഇന്ദ്രിയസംയമം, ധർമ്മക്രിയ, ആത്മജ്ഞാനം എന്നിവ. എന്നാൽ ഈ വ്യാഖ്യാനക്രമമനുസരിച്ച് ആത്മജ്ഞാനം (12.85-92), ശമം = ഇന്ദ്രിയ സംയമം (12.92), വേദാഭ്യാസം (12.92-102), തപവും ജ്ഞാനവും =വിദ്യ (12.104), ധർമ്മം (12.105- 115) എന്നിങ്ങനെ കാണുന്നു. ഇതിന്റെ വ്യാഖ്യാനക്രമം ഗദ്യരൂപത്തിൽ ഇപ്രകാരമായിരുന്നു. എന്നാലിത് ഛന്ദോബദ്ധമാക്കിയപ്പോൾ പരിഗണനയർഹിക്കുന്ന ശ്ലോകങ്ങളിൽ ഈ ക്രമപ്രകാരം ഛന്ദരചന നടത്താതിരുന്നതിനാൽ ഈ ക്രമം വ്യത്യസ്തമായി.

2. മനുസ്മൃതിയുടെ ആദ്യരൂപം സൂത്രബന്ധമല്ല. ശൈലിയിൽ നിന്നും മനുവിന്റെ ഉദ്ധരണങ്ങളിൽ നിന്നും ഒരിടത്തും സ്മൃതിരൂപ ശ്ലോകങ്ങൾ

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

FOR PROOF READING ONLY



കാണുന്നില്ല. സൂത്രഗ്രന്ഥങ്ങളിലെല്ലാം സാമാന്യമായി സൂത്ര ശബ്ദം കാണാനാവും. പ്രാചീനഗ്രന്ഥങ്ങൾ മുതൽ ഇപ്പോഴുള്ള മനുശാസ്ത്രത്തിന് 'മാനവധർമ്മശാസ്ത്രം' അഥവാ മനുസ്മൃതി എന്നനാമമേ കാണുന്നുള്ളൂ. ഒരിടത്തും മാനവ ധർമ്മസൂത്രമെന്ന് പ്രയോഗിച്ചതായി കാണുന്നില്ല.

3. 'മാനവ ധർമ്മ സൂത്ര'മെന്ന ഒരു ഗ്രന്ഥം മനു രചിച്ചതായി പറയപ്പെടുന്നുണ്ട്. എന്നാൽ മനുസ്മൃതിയുമായി അതിന് പൂർണ്ണ സാമ്യമില്ല. ആ സൂത്ര ഗ്രന്ഥം വളരെ കാലം കഴിഞ്ഞ് ആരോ മനുവിന്റെ പേരിൽ രചിച്ചതാണ്. ഗ്രന്ഥകർത്താവ് തന്റെ കാഴ്ചപ്പാടിനൊപ്പം മനുസ്മൃതി കൂടിച്ചേർത്തുരചിച്ച മാനവധർമ്മസൂത്രം മനുസ്മൃതിയാണെന്ന് പറയുന്നവർ ഈ ഗ്രന്ഥം സൂത്ര രൂപത്തിലുള്ള പ്രഥമ ഗ്രന്ഥമല്ല എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഇത് പദ്യരൂപം കണ്ടതിനുശേഷം രചിച്ചതാണ്.

4. ഗ്രന്ഥത്തിന്റെ സൂത്രശൈലി അധികം പ്രാചീനമല്ല. എന്നാൽ ഗദ്യ-പദ്യ രൂപങ്ങളാണ് കൂടുതൽ പ്രാചീനമായത്. സൂത്രരൂപത്തിലുള്ള ഗ്രന്ഥങ്ങളെക്കാൾ പ്രാചീനമായ ഗ്രന്ഥങ്ങൾ ഗദ്യരൂപത്തിൽ ലഭ്യമാണ്. ബ്രാഹ്മണ ഗ്രന്ഥങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ, തുടങ്ങിയവ ഉദാഹരണം. ഇപ്പോൾ ലഭ്യമായ മഹാഭാരതവും മിക്ക സ്ഥലങ്ങളിലും ഗദ്യരൂപത്തിലാണ്. മറ്റ് അർവ്വാചീന ഗ്രന്ഥങ്ങളായ കൗടില്യന്റെ അർത്ഥശാസ്ത്രം, നാരദ ഗദ്യസ്മൃതി തുടങ്ങിയവ ഗദ്യരൂപത്തിൽ തന്നെയാണ്. അതിനാൽ മനുസ്മൃതിയുടെ ആദ്യരൂപവും ഗദ്യരൂപമാണെന്ന് കരുതാവുന്നതാണ്.

5. മഹാപുരുഷന്മാരുടെ പ്രവചനങ്ങളും ഉപദേശങ്ങളും അവരുടെ ശിഷ്യന്മാർ സംഗ്രഹിച്ച് ഗദ്യരൂപത്തിലും പദ്യരൂപത്തിലും പ്രസിദ്ധീകരിക്കുന്ന ഒരു പാരമ്പര്യം ഒരു കാലത്തുണ്ടായിരുന്നു. സർവ്വധർമ്മഗ്രന്ഥങ്ങളും സ്വതവേ അത്തരത്തിലുള്ള മഹാപുരുഷന്മാരുടെ ഉപദേശങ്ങളുടെ സംഗ്രഹമാണ്. അവരുടെ ശിഷ്യന്മാർ പിന്നീട് ഇവ ഗ്രന്ഥമാക്കിയതാണ്. മഹാത്മാ ബുദ്ധന്റെ ഉപദേശങ്ങളുടെ സമാഹാരമാണ് പദ്യരൂപത്തിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ തയ്യാറാക്കിയ 'ധമ്മപദ' എന്ന ബുദ്ധമത ഗ്രന്ഥം. അതുപോലെ പ്രശസ്ത യവനദാർശനികനായ അരസ്തുവിന്റെ പേരിൽ ലഭ്യമായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ സമാഹരിച്ച് പ്രസിദ്ധീകരിച്ചതാണെന്നും പറയപ്പെടുന്നു. മഹർഷി ദയാനന്ദ സരസ്വതിയുടെ പേരിൽ ലഭ്യമായ 'ഉപദേശമഞ്ജരി' അഥവാ 'പൂനപ്രവചനം' മൗലികമായി അദ്ദേഹത്തിന്റെ ഉപദേശങ്ങളാണ്. മറ്റു വ്യക്തികൾ സമ്പാദിച്ച് സമാഹാരമാക്കിയതാണ് ഉപദേശമഞ്ജരി. മനുസ്മൃതിയും അതുപോലെ സമാഹാരമാകാം.

**(തുടരും)**

**സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**

FOR PROOF READING ONLY





# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## അധ്യായം 7
## മഹാ വ്യാഹൃതികൾ

**ഓം** ഭൂഃ । ഓം ഭുവഃ । ഓം സ്വഃ ।
ഓം മഹഃ । ഓം ജനഃ । ഓം തപഃ । ഓം സത്യമ് ॥

പ്രാണായാമത്തിന്റെ മന്ത്രങ്ങളിൽ പ്രാണായാമത്തോടൊപ്പം ഈശ്വരന്റെ ഏകാക്ഷരിയോ, ഒന്നോ രണ്ടോ അക്ഷരമുള്ള നാമങ്ങൾ സുഗമതയോടെ ജപിക്കാവുന്നതാണ്. ഇതിനെ മഹാ വ്യാഹൃതിയെന്ന് പറയുന്നു.


വ്യാഹൃതിയുടെ ധാത്വർത്ഥം (വി+ആ+ഹ+ത) സംസാരം അഥവാ വാക്ക് എന്നാണ്. പവിത്രനായ ഈശ്വരന്റെ പവിത്രമായ നാമമായതിനാലാണ് ഇതിനെ മഹാ വ്യാഹൃതിയെന്ന് പറയുന്നത്. ഇവയുടെ അർത്ഥ ചിന്തനം ഈശ്വരന്റെ ഗുണങ്ങളുടെ ചിന്തനമാണ്.

പ്രാണായാമത്തോടെ സന്ധ്യയുടെ ഒന്നാമത്തെ ഭാഗം സമാപിക്കുന്നു. അതായത് ഈശ്വരന്റെ മഹത്വം സ്വന്തം ശരീരത്തിൽ അനുഭവിക്കുക. ഈശ്വരോപാസനയുടെ ഏറ്റവും സുഗമമായ ആരംഭമാണിത്. നിർഭാഗ്യവശാൽ സന്ധ്യാവന്ദനത്തിന്റെ തുടക്കത്തിലുള്ള ഈ മഹത്വമാർന്ന ഭാഗത്തെ കുറിച്ച് ഏതാനും കാട്ടിക്കൂട്ടലുകളുമായി പരിമിതപ്പെടുത്തുന്നു. സന്ധ്യാവന്ദനം അനുഷ്ഠിക്കുന്നവർ ഏറ്റവും കുറച്ചുശ്രദ്ധ മാത്രം ഈ ഭാഗത്തിന് നൽകുന്നു. കാട്ടിക്കൂട്ടലുകൾക്ക് താല്പര്യമുള്ളവർ കേവലം മാമൂലുകൾ അനുഷ്ഠിക്കാൻ മാത്രം സമയം കൊടുക്കുന്നു. കേവലം മൂന്ന് പ്രാവശ്യം ആചമനം ചെയ്യുകയും ഇന്ദ്രിയ സ്പർശം ചെയ്യുകയും മാത്രമാണ് എല്ലാമെന്ന് അവർ കരുതുന്നു. സന്ധ്യാവന്ദനത്തിന്റെ ഗ്രന്ഥങ്ങളിലും കർമ്മങ്ങളുടെ അനുഷ്ഠാനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു. അവക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങളും നൽകുന്നു. ധ്യാനത്തിന് വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. അല്ലെങ്കിൽ വളരെ കുറച്ചുമാത്രം ശ്രദ്ധ നൽകുന്നു. സന്ധ്യാവന്ദനത്തിന്റെ മുഖ്യഭാഗം ധ്യാനമാണെന്ന് വീണ്ടും വീണ്ടും ആവർത്തിക്കേണ്ട ആവശ്യകതയുണ്ട്. ധ്യാനം മാനസിക കർമ്മമാണ്. അതുതന്നെയാണ് മുഖ്യം.

നമ്മുടെ ശരീരത്തിൽ ഈശ്വരസത്തയുടെ അനുഭൂതി നമ്മിൽ ഈശ്വരനോടുള്ള ഭക്തി ജനിപ്പിക്കുകയും സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള മിഥ്യാധാരണകൾ നമ്മിൽ നിന്നും ഇല്ലാതാക്കുകയും ചെയ്യും.

**(തുടരും)**

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ.**



(മുൻലക്കത്തിന്റെ തുടർച്ച)

# ഭാരത ചരിത്ര ഗവേഷണത്തിലെ എതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്

തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച...)

ഈ ഗോപുരം 24 മടക്കുകളാലും ചാപങ്ങളാലും ത്രികോണത്താലും ഉണ്ടാക്കപ്പെട്ടവയാണ്. ഇതിൽ നിന്നും 24 എന്ന അക്കത്തിന് വളരെ പ്രാധാന്യമുള്ളതായിക്കാണാം. 27 നക്ഷത്രങ്ങളുടെ മണ്ഡപവും മറ്റും ഇതൊരു വാനനിരീക്ഷണ ഗോപുരമായിരുന്നതിന്റെ തെളിവാണ്.

'കുത്തബ് മീനാർ' എന്ന അറബി പദത്തിന്റെ അർത്ഥം തന്നെ നിരീക്ഷണ ഗോപുരമെന്നാണ്. കോടതി രേഖകളിൽ ഉണ്ടായിരുന്ന ഈ പേരിനെ കാലക്രമത്തിൽ കുത്തബുദ്ദീന്റെ ഗോപുരമെന്നാക്കി മാറ്റുകയാണുണ്ടായത്. ഇതിന്റെ വശങ്ങളിലുള്ള ഇരുമ്പുപോളകൾ ആഗ്രാകോട്ടയിലേതുപോലെ യാണ്. 'താജ്മഹൽ ഒരു രജപുത്ര നിർമ്മിതമായിരുന്നു' വെന്ന എന്റെ പുസ്തകത്തിൽ ഈ കോട്ട ഇസ്ലാമിനുമുമ്പുള്ള രാജപുത്ര നിർമ്മിതമായിരുന്നുവെന്ന് വിശദമായ തെളിവുകളോടെ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും കെട്ടിടങ്ങളിൽ ഇരുമ്പു പോളകൾ വെച്ചു പിടിപ്പിക്കുന്നത് ഹൈന്ദവ രീതിയായിരുന്നു എന്ന് മനസ്സിലാക്കാം. ഇതേ രീതി കുത്തബ് മീനാറിൽ കാണുന്നതിനാൽ ഇതൊരു ഹൈന്ദവ ഗോപുരമായിരുന്നെന്ന് അനുമാനിക്കാവുന്നതാണ്. 24 ദളങ്ങളുള്ള താമര മധ്യത്തിൽ നിന്നും വലിക്കുകയാണെങ്കിൽ ഈ ഗോപുരത്തിന്റെ രൂപം വരും. താമരാകൃതി ഒരിക്കലും ഇസ്ലാമികമല്ല.

### നിസ്സാമുദ്ദീൻ ടോംമ്പ് (Nizamuddin Tomb)

ആദ്യകാല മുസ്ലിം ആക്രമണസമയത്ത് തകർക്കപ്പെട്ട ഒരു പഴയ ക്ഷേത്രമാണ് ഇപ്പോൾ നിസ്സാമുദ്ദീൻ ടോംമ്പ് എന്നറിയപ്പെടുന്ന കെട്ടിടം. പിടിച്ചെടുത്ത് നിസ്സാമുദ്ദീൻ ആവാസസ്ഥലമാക്കിയ ഈ ക്ഷേത്രം അയാളുടെ മരണത്തിനുശേഷം തന്റെ ശവം അടക്കം ചെയ്യാൻ ഉപയോഗിക്കുകയാണുണ്ടായത്.

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.**

FOR PROOF READING ONLY



ഈ സ്ഥലത്തിന് ചുറ്റുമുള്ള പരിസരത്തേക്ക് ഒന്ന് കണ്ണോടിച്ചാൽ അനവധി മണ്ഡപങ്ങളും ചുമരുകളും ഗോപുരങ്ങളും തൂണുകളും ശ്മശാനങ്ങളുമൊക്കെയുണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്. ഒരു കാലത്ത് സമ്പന്നമായിരുന്ന ഒരു നഗരം ഇവിടെയുണ്ടായിരുന്നുവെന്നും മുസ്ലീം ആക്രമികളാൽ തകർക്കപ്പെട്ടതിനുശേഷം കാലഹാരണപ്പെട്ട മന്ദിരങ്ങളും മറ്റു സമാധികളും ശവക്കല്ലറകളുമാക്കി മാറ്റിയതാണെന്നും ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. മുസ്ലീം ഫക്കീറുകൾ അന്ത്യവിശ്രമം കൊള്ളുന്ന കെട്ടിടങ്ങൾ പിടിച്ചടക്കപ്പെട്ട മുൻ രജപുത്ര മന്ദിരങ്ങളാണ്.

**ഹുമയൂൺ ടോംമ്പ്** (Humayun Tomb)

ന്യൂഡൽഹിയിലുള്ള ഹുമയൂൺ ടോംമ്പ് മുകളിൽ വിവരിച്ച തരത്തിലുള്ള ഒരു പുരാതന നഗരമധ്യത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോഴും ഈ സ്ഥലം ജയ്പൂർ എസ്റ്റേറ്റിന്റെ ഭാഗമായാണ് നിലകൊള്ളുന്നത്. അറബ്-കി-സെരായ് എന്ന പേരിലറിയപ്പെടുന്ന ഹുമയൂൺ ടോംബിനു ചുറ്റുമുള്ള ഈ സ്ഥലം ഒരു പ്രതിരോധ കേന്ദ്രമായിരുന്നു. ഹുമയൂൺ ഇവിടെ താമസിച്ചിരുന്നു.

പഴയ കോട്ട (Purana Quila) യിലെ ഷേർമണ്ഡലിലെ കോവണി പടികളിൽ നിന്നും കാലിടറിവീണ ഹുമയൂണിനെ അര മൈൽ മാത്രം ദൂരെയുള്ള പിടിച്ചെടുക്കപ്പെട്ട ഈ ക്ഷേത്രത്തിലേക്ക് കൊണ്ടുവരികയും ഇവിടെ വെച്ച് അദ്ദേഹത്തിന്റെ അന്ത്യം സംഭവിക്കുകയാണുമുണ്ടായത്. അക്കാലത്തുള്ള സമ്പ്രദായം അനുസരിച്ച് ഹുമയൂണിനെ അദ്ദേഹം താമസിക്കുന്ന കൊട്ടാരത്തിൽ തന്നെ അടക്കം ചെയ്തു.

ഹുമയൂൺ ടോംമ്പ് എന്ന് വിളിക്കപ്പെടുന്ന കെട്ടിടം ഒരു കാലത്ത് മനോഹരവും, ധാരാളം പ്രവേശന കവാടങ്ങളും അതിഥി മുറികളും, ഒന്നിലധികം നിലവറകളുമൊക്കെയുണ്ടായിരുന്ന ലക്ഷ്മി ക്ഷേത്രത്തോട് ചേർന്ന രജപുത്ര കൊട്ടാരമായിരുന്നു. പല പാശ്ചാത്യ പണ്ഡിതന്മാരും ആഗ്രയിലെ താജ്മഹലിന്റെ ശിൽപകലയുമായി ഹുമയൂൺ ടോംബിന് അടുത്ത സാമ്യമുണ്ടെന്നഭിപ്രായപ്പെടുന്നുണ്ട്. 'താജ്മഹൽ ഒരു രജപുത്ര കൊട്ടാരമായിരുന്നു'വെന്ന എന്റെ ഒരു പുസ്തകത്തിൽ വ്യക്തമായ തെളിവുകളുടെ വെളിച്ചത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഹുമയൂൺ ടോംമ്പ് എന്ന പേരിലറിയപ്പെടുന്ന കെട്ടിടവും ഒരു ഹൈന്ദവ കൊട്ടാരക്ഷേത്രമാണ്. ഹൈന്ദവ താന്ത്രിക രീതിയിലുള്ള ശക്തി ചക്രം (David Star)✡. ഈ കെട്ടിടത്തിന്റെ മുൻവശത്ത് മുകളിലായി ആലേഖനം ചെയ്തിട്ടുമുണ്ട്.

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**

FOR PROOF READING ONLY





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം: 6

**ആ** ശ്രീകോവിലിൽ, മേൽക്കൂരയൊഴിച്ച്, ശാന്തിയുടെയും സമാധാനത്തിന്റെയും പ്രതീകമായ വെള്ള മാർബിളല്ലാതെ മറ്റൊന്നും കാണില്ല. സത്വഗുണത്തിന്റെയും, ശാന്തിയുടെയും നിറം വെള്ളയാണല്ലോ. അതു കൊണ്ടാവാം വെണ്മക്കിത്ര പ്രാധാന്യം നൽകാൻ കാരണം. ഭക്തജനങ്ങൾ വഴിപാടായി കൊണ്ടുവരുന്നത് അലുവയാണ്. വലിയൊരു ചരക്കൊത്ത, വട്ട പാത്രത്തിൽ, കൊണ്ടുവരുന്ന അലുവയർപ്പിച്ചു തൃപ്തി തേടുന്നു ഭക്തജനം. ആ പാത്രസമീപം ഒരു കരണ്ടിയുമായി നിൽക്കുന്നുണ്ടാവുമൊരാൾ. ദർശനം കഴിഞ്ഞ് പ്രദക്ഷിണം വച്ചു ക്യൂവിൽ വരുന്ന ഓരോരുത്തർക്കും ആ അലുവ പ്രസാദമായി ഓരോ കരണ്ടി വീതം കയ്യിലിട്ടുകൊടുക്കും. അങ്ങനെ ഓരോ പ്രദക്ഷിണത്തിനും ഓരോ കരണ്ടി അലുവ കിട്ടും. പാച്ചനും, കൂട്ടുകാരും അലുവ തിന്നണമെന്നുതോന്നിയാൽ പ്രദക്ഷിണത്തിന് പോവുക പതിവാണ്.

കുളത്തിന്റെ കിഴക്കും, തെക്കും ആഗതർക്കുള്ള പ്രവേശനദ്വാരമാണ്. രണ്ട് പ്രവേശന ദ്വാരങ്ങളിലും ചെരിപ്പുസൂക്ഷിക്കാനുള്ള സംവിധാനമുണ്ട്. എന്നാലത് സേവനമാകുന്നു, പ്രതിഫലത്തിനല്ല, ഗുരുവായൂർ, തിരുപ്പതി മുതലായ തെക്കൻ സംസ്ഥാനങ്ങളിലെ മഹാക്ഷേത്രങ്ങളിലെന്നപോലെ. എല്ലാം കൊണ്ടും ഭക്തി വഴിഞ്ഞൊഴുകുന്നതും, ശാന്തവും, ചിട്ടയാർന്നതുമായ അന്തരീക്ഷം വിഭാഗ ഭേദമന്യേ ഹിന്ദുക്കൾക്കും, ജൈന ബൗദ്ധാദി ഹിന്ദുക്കളിലെ അവാന്തര വിഭാഗങ്ങൾക്കും ശ്രീകോവിലിലേയ്ക്ക് പ്രവേശനമുണ്ട്.

അവിടെ ഹിന്ദുക്കൾക്കും, സിഖുകാർക്കും തമ്മിൽ രണ്ടെന്ന ഭാവമില്ല. വൈദിക ധർമ്മ സംരക്ഷണാർത്ഥം സൂഫിമുസ്ലീങ്ങളെ ആശയപരമായി നേരിടാൻ ഗുരുനാനാക്കുണ്ടാക്കിയതാണ് സിഖ് പ്രസ്ഥാനം. കബീർ, അക്ബർ ചക്രവർത്തി, അദ്ദേഹത്തിന്റെ  ആസ്ഥാന കവികളിൽ ഒരാളായിരുന്ന ശേർ ഖാൻ മുതലായ സൂഫീ അനുയായികൾ ഇവിടുത്തെ ആദിവാസികളെ സംസ്കൃതവും, യോഗവിദ്യകളും മറ്റും പഠിച്ചഭ്യസിച്ച്, പ്രദർശിപ്പിച്ചാകർഷിച്ച് 'കബീർ പന്ഥി' എന്നൊരു പ്രസ്ഥാനം തന്നെ, ക്രിസ്ത്യൻ മിഷനറിമാരിപ്പോൾ ചെയ്യുന്നതുപോലെ, കെട്ടിപ്പടുത്തു. അതിനെതിരെയാണ് ഗുരുനാനാക്ക് സിഖ്-ശിഖർ എന്നൊരു വിഭാഗത്തെ സംഘടിപ്പിച്ചത്. പിന്നെ കാലാന്തരത്തിൽ, മത മൗലിക തീവ്രവാദിയായിരുന്ന ഔറംഗസീബിന്റെ ഭരണകാലത്ത് പ്രത്യേകിച്ചും, ഹിന്ദു വിരോധം കുടുമയ്ക്ക് കൂടി നികുതി കെട്ടുന്നിടത്തോളം മൂർദ്ധന്യത്തിലെത്തി.

**(തുടരും)**

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.**

FOR PROOF READING ONLY





ദർശന പരിചയം

# ന്യായ ദർശനം വാത്സ്യായന ഭാഷ്യം

ആചാര്യ ദുണ്ഡിരാജ് ശാസ്ത്രി
തർജ്ജമ : ശ്രീകുമാർ. എൻ

## വാദം, ജല്പം, വിതണ്ഡം

(ഗൗതമ മുനിയുടെ ന്യായദർശനത്തിന് വാത്സ്യായമുനിയാൽ വിരചിതമായ ഭാഷ്യത്തെ അധികരിച്ചുകൊണ്ട് വാദം, ജല്പം, വിതണ്ഡം ഇവയുടെ ലക്ഷണവും സ്വരൂപവും പരിശോധിക്കുന്നു - *പത്രാധിപർ*)

ഷഡ്ദർശനങ്ങളിൽ ഒന്നായ ന്യായ ദർശനത്തിലാണ് വാദം, ജല്പം, വിതണ്ഡം ഇവയെക്കുറിച്ചുള്ള വിശദമായ ചർച്ചയും അതേപോലെ അവയുടെ ഉദ്ദേശ്യം, ലക്ഷ്യം, പരീക്ഷ എന്നിവയും നടക്കുന്നത്.

ന്യായദർശനത്തിന്റെ മുഖ്യ ലക്ഷ്യം ജ്ഞാന ശുദ്ധിയാണ്. പ്രമാണങ്ങളുടെ പ്രയോഗത്തിലൂടെ എങ്ങനെ നമ്മുടെ ജ്ഞാനം ശുദ്ധമാക്കാം എന്നാണ് ന്യായദർശനത്തിന്റെ മുഖ്യ വിഷയം. നമ്മുടെ ജീവിതവിജയം ജ്ഞാനശുദ്ധിയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ജ്ഞാനം തെറ്റാവുമ്പോൾ നാം അധോഗതിയിലേക്ക് പോകുന്നു. പ്രമാണങ്ങളിലൂടെ മാത്രമേ ഒരാൾക്ക് ജ്ഞാന ശുദ്ധി കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ന്യായദർശനം തർക്ക ദർശനം കൂടിയാണ്. അധ്യാത്മിക മേഖലയിൽ ഉള്ളവർ എന്തിന് തർക്കങ്ങളിൽ ഏർപ്പെട്ട് വൃഥാ സമയം പാഴാക്കുന്നുവെന്ന് ചിന്തിച്ചേക്കാം. ഈശ്വരനെ മാത്രം ധ്യാനിച്ച് ശാന്തമായി ഇരുന്ന് നാമ ജപത്തിൽ മാത്രം മുഴുകി ജീവിക്കുന്നതിന് പകരം എന്തിന് വെറുതെ വാദം, തർക്കം ഇവയിൽ ചെന്ന് തലയിടണം?

എന്നാൽ വൈദിക ദർശനം ഇത് അംഗീകരിക്കുന്നില്ല. തർക്കം തന്നെയാണ് ഋഷി എന്ന് നിരുക്തകാരൻ (നിരുക്തം 13 12) പറയുന്നു. തർക്കത്തിലൂടെ നിശ്ചയം ചെയ്തുകൊണ്ടാണ് സത്യം കണ്ടെത്തേണ്ടതും അധ്യാത്മിക ഉന്നതിയിൽ എത്തേണ്ടതും മോക്ഷ പ്രാപ്തി നേടേണ്ടതും.

മോക്ഷപ്രാപ്തിക്ക് വേണ്ടി അറിയേണ്ട തത്വങ്ങളെ 16 എണ്ണം ആയി ന്യായദർശനകാരനായ ഗൗതമ മുനി സംഗ്രഹിച്ചിട്ടുണ്ട്. അവ (1) പ്രമാണം, (2) പ്രമേയം, (3) സംശയം, (4) പ്രയോജനം, (5) ദൃഷ്ടാന്തം, (6) സിദ്ധാന്തം, (7) അവയവം, (8) തർക്കം, (9) നിർണയം, (10) വാദം, (11) ജല്പം, (12) വിതണ്ഡം, (13) ഹേത്വാഭാസം, (14) ഛലം, (15) ജാതി, (16) നിഗ്രഹസ്ഥാനം എന്നിവയാണ്. ഇവയിൽ ക്രമത്തിൽ 10, 11, 12 സ്ഥാനങ്ങളിൽ വാദം, ജല്പം, വിതണ്ഡം എന്നിവ വരുന്നു.

**ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.**

പൊതുജീവിതത്തിലും മാധ്യമ ചർച്ചകളിലുമൊക്കെ നാം ഈ പദങ്ങൾ നിരന്തരം കേൾക്കാറുണ്ട്. എന്നാൽ ഇവയുടെ ശരിയായ അർത്ഥം എന്തെന്നറിയാതെയാണ് പലപ്പോഴും ഇവർ ഈ പദപ്രയോഗങ്ങൾ നടത്തുന്നത്. അതുകൊണ്ട് ഇവയുടെ ശരിയായ നിർവചനവും സ്വരൂപവും എന്താണ് എന്ന് ന്യായദർശനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് ഇവിടെ ചെയ്യാൻ പോകുന്നത്. ഗൗതമമുനിയുടെ ന്യായദർശനത്തിന് വാത്സ്യായന മഹർഷി എഴുതിയ ഭാഷ്യമാണ് ഇതിന് അടിസ്ഥാനമാക്കി എടുത്തിരിക്കുന്നത്.

ഏതെങ്കിലും വസ്തുവിന്റെ യഥാർത്ഥ സ്വരൂപം അറിയാൻ വേണ്ടിയോ അല്ലെങ്കിൽ സ്വന്തം അഭിപ്രായങ്ങൾ സ്ഥാപിക്കാനും, എതിർപക്ഷ സിദ്ധാന്തങ്ങളെ പരാജയപ്പെടുത്താനും ഉള്ള ഉദ്ദേശ്യത്തോടെയോ നടത്തുന്ന ചർച്ചകൾ മൂന്ന് വിധത്തിലാണ് ഉള്ളത്. ഇവ വാദം, ജല്പം, വിതണ്ഡം എന്നിവയാകുന്നു.

ഇവയിൽ സത്യം കണ്ടെത്താനുള്ള ഉദ്ദേശ്യത്തോടെ നടത്തുന്ന ചർച്ചകളാണ് വാദം എന്നറിയപ്പെടുന്നത്. വാദത്തിൽ ഏർപ്പെടുന്നവരുടെ ലക്ഷ്യം കേവലം സത്യജ്ഞാനം മാത്രമാണ്. വിജയ പരാജയങ്ങൾ അവരെ സ്പർശിക്കുന്നില്ല. സംവാദത്തിനൊടുവിൽ ആരുടെ പക്ഷമാണോ ശരി അവരുടെ സിദ്ധാന്തം രണ്ട് കൂട്ടരും ഒരേപോലെ അംഗീകരിക്കുന്നു.

ജയിക്കാൻ വേണ്ടി മാത്രമായി നടത്തുന്ന ചർച്ചകളാണ് ജല്പം. തെറ്റായാലും ശരിയായാലും തങ്ങളുടെ സിദ്ധാന്തം ഏതുവിധത്തിലും ജയിക്കുകയും എതിർപക്ഷം തോൽക്കുകയും ചെയ്യണമെന്നുമാത്രമാണ് ഇവരുടെ ലക്ഷ്യം. ഇതിന് വേണ്ടി സ്വന്തം സിദ്ധാന്തത്തിന് വിരുദ്ധമായ കാര്യങ്ങൾ പോലും ഇവർ ചർച്ചയിൽ മുന്നോട്ട് വെക്കുന്നു. എതിർകക്ഷിയുടെ അജ്ഞതയെ മുതലെടുത്ത് ഇവർ ജയിക്കാൻ ശ്രമിക്കുന്നു. സത്യം അറിയുക ഇവരുടെ ലക്ഷ്യമേ അല്ല.

വാദത്തിലും ജല്പത്തിലും രണ്ട് പക്ഷവും സ്വന്തം സിദ്ധാന്തങ്ങൾ അവതരിപ്പിച്ച് കൊണ്ടാണ് ചർച്ചകളിൽ ഏർപ്പെടുന്നത്. എന്നാൽ സ്വന്തം സിദ്ധാന്തം എന്താണെന്ന് പറയാതെ പ്രതിപക്ഷം എന്തുപറയുന്നുവോ അതിനെ ഖണ്ഡിച്ചുതോൽപ്പിക്കുക എന്ന ലക്ഷ്യം മാത്രം മുൻനിർത്തിയുള്ളതാണ് വിതണ്ഡം. പ്രതിപക്ഷം പരാജയപ്പെടുക എന്നതിലൂടെ തങ്ങളുടെ 'സിദ്ധാന്തം' ശരിയാണ് എന്ന ഒരു പ്രതീതി ഇവർ ശ്രോതാക്കളിൽ ഉണ്ടാക്കുന്നു. എന്നാൽ എന്താണ് ഇവരുടെ സ്വന്തം സിദ്ധാന്തം എന്ന് അവതരിപ്പിക്കുന്നുമില്ല.

മാധ്യമചർച്ചകളും, അതേപോലെ 'സംവാദം' എന്ന പേരിൽ നടത്തപ്പെട്ടുന്ന ചർച്ചകൾ ഒട്ടുമിക്കവയും, യഥാർത്ഥത്തിൽ സത്യം അറിയുക എന്ന ഉദ്ദേശ്യത്തോടെയുള്ള വാദം അല്ലെന്നും മറിച്ച് ജല്പം, വിതണ്ഡം എന്നിവയുടെ ഗണത്തിൽ പെടുത്താവുന്നവയുമാണെന്നും ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

**(തുടരും)**

**ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)**
**ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.**

FOR PROOF READING ONLY





(മുൻലക്കത്തിന്റെ തുടർച്ച)

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്തൃശർമ്മൻ

## വൈതരണീനദി കടക്കാനുള്ള ഗോദാനവും പോപ്പിന്റെ ലീലകളും (തുടർച്ച....)

**കൂ**ടാതെ അവൻ രാഗദ്വേഷാദികളിൽ നിന്നും അകന്നിരിക്കുന്നവനും സത്യവാദിയും സത്യം ചെയ്യുന്നവനും, നിഷ്കപടനും, അസൂയ, കോപം, മുതലായ ദോഷങ്ങളില്ലാത്തവനും ഗംഭീരാശയനും ശരീരത്തെയും മനസ്സിനെയും ധനത്തേയും പരോപകാരത്തിനുവേണ്ടി തന്റെ പ്രാണൻ പോലും സമർപ്പിക്കുന്നതിനു തയ്യാറുള്ളവനുമായിരിക്കേണ്ടതാണ്. എന്നാൽ ക്ഷാമവും മറ്റും ബാധിക്കുന്ന അവസരത്തിൽ അന്നം, ധനം, വസ്ത്രം മുതലായവ എല്ലാവർക്കും ഒരുപോലെ പ്രദാനം ചെയ്യേണ്ടതാണ്.

**പ്രശ്നം:** ദാതാക്കന്മാർ എത്ര പ്രകാരത്തിലുണ്ട്?

**ഉത്തരം:** ഉത്തമൻ, മദ്ധ്യമൻ, അധമൻ എന്നിങ്ങനെ മൂന്ന് പ്രകാരത്തിൽ. ദേശം, കാലം, പാത്രം എന്നിവയെ മനസ്സിലാക്കിയിട്ട് സത്യവിദ്യയുടെ പ്രചാരത്തിനും ധാർമ്മികോന്നതിയ്ക്കും വേണ്ടി ദാനം ചെയ്യുന്നവനാണ് ഉത്തമൻ. കീർത്തിക്കും സ്വാർത്ഥത്തിനും വേണ്ടി ദാനം ചെയ്യുന്നവൻ മദ്ധ്യമൻ. തനിയ്ക്കു വേണ്ടിയോ, അന്യനുവേണ്ടിയോ യാതൊരുപകാരവും ചെയ്യാൻ സാധിക്കാതെ വ്യഭിചാരത്തിനും മദ്യം മുതലായവയ്ക്കും വേണ്ടി ദാനം ചെയ്യുന്നവൻ നീചനാണ്. പാത്രത്തെ നോക്കാതെ വെറും വ്യാപാരികളെപ്പോലെ വഴക്കിനും ലഹളയ്ക്കും അന്യന്മാരെ ദു:ഖിപ്പിച്ചിട്ട് തനിക്ക് സുഖം ലഭിക്കുന്നതിനും വേണ്ടി ദാനം ചെയ്യുന്നവൻ മദ്ധ്യമനാണ്. അതായത് നല്ലവണ്ണം പരീക്ഷിച്ച് വിദ്വാന്മാരെയും ധർമ്മാത്മക്കളെയും സത്കരിക്കുന്നവർ ഉത്തമനും, യാതൊരു ചിന്തയും കൂടാതെ തന്റെ കീർത്തിക്കുവേണ്ടി ദാനം ചെയ്യുന്നവൻ മദ്ധ്യമനും, നിഷ്ഫലമായി നീചപ്രവൃത്തികൾക്കുവേണ്ടി ദാനം ചെയ്യുന്നവൻ അധമനുമാകുന്നു.

**പ്രശ്നം:** ദാനം ചെയ്യുന്നതിന്റെ ഫലം ഈ ലോകത്തിൽ തന്നെ സിദ്ധമാകുന്നുവോ, അതോ പരലോകത്തിലോ?

**ഉത്തരം:** ഇഹലോകത്തും പരലോകത്തും സിദ്ധമാകുന്നുണ്ട്.

**പ്രശ്നം:** ഫലം തനിയെ പ്രാപ്തമാകുന്നതാണോ, അതോ ആരെങ്കിലും നൽകുന്നതാണോ?

**ഉത്തരം:** ഫലം നൽകുന്നവൻ ഈശ്വരനാണ്. എങ്ങനെയെന്നാൽ ഒരു കവർച്ചക്കാരൻ സ്വയം ജയിലിൽ പോകാൻ ആഗ്രഹിക്കുന്നില്ല. ന്യായാധിപതി അവനെ ജയിലിലേക്കയക്കുന്നു. ധർമ്മാത്മക്കളെ കള്ളന്മാരിൽ നിന്നും കവർച്ചക്കാരിൽ നിന്നും രക്ഷിച്ച് അവരെ സുഖവാന്മാരാക്കി തീർക്കുന്നു. അപ്രകാരം ഈശ്വരൻ എല്ലാവർക്കും പാപപുണ്യങ്ങൾക്ക് യഥായോഗ്യമായ സുഖ-ദു:ഖ ഫലങ്ങൾ നൽകുന്നു.

**(തുടരും)**

**ധർമ്മം ചര (തൈ. 2. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

FOR PROOF READING ONLY





# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

**കാ**ത്യായന മുനി എഴുതിയിട്ടുള്ള ഋഗ്വേദത്തിന്റെ സർവാനുക്രമണിയിൽ കശ്യപനെ കുറിച്ച് പറയുന്നത് നോക്കുക -

'ജാതവേദസ ഏകാ, ജാതവേദസ്യം, ഏദ്ദാദീനി ഏക ഭൂയാംസി സൂക്ത സഹസ്രം ഏതത്കശ്യപസ്യ ആര്യമ്' (സർവാനുക്രമണി 1-99)

ഋഗ്വേദം 1-99 മന്ത്രത്തിന്റെ സ്ഥാനത്ത് നിന്ന് 100 സൂക്തങ്ങൾ ലുപ്തമായിട്ടുണ്ട് പ്രഥമ സൂക്തത്തിൽ ഒരു മന്ത്രം, രണ്ടാം സൂക്തത്തിൽ രണ്ട് മന്ത്രം, മൂന്നാം സൂക്തത്തിൽ മൂന്ന് മന്ത്രം ഇങ്ങനെ ആയിരാമത് സൂക്തത്തിൽ ആയിരം മന്ത്രങ്ങൾ, ഇങ്ങനെയുള്ള 1000 സൂക്തങ്ങൾ. ഇവ ഇന്ന് ലഭ്യമല്ല. ഏകദേശം 5 ലക്ഷത്തി 500 മന്ത്രങ്ങൾ ഈ സൂക്തങ്ങളിൽ കശ്യപ മഹർഷിയുടെതായിരുന്നു. ഇത്രയും മഹത്തായ വേദമന്ത്രങ്ങൾ കശ്യപ ഋഷി മഹർഷിയുടേതായിരുന്നു. ഇപ്പോൾ അവശേഷിക്കുന്നത് ഋഗ്വേദത്തിലെ ഒരേയൊരു മന്ത്രമാണ്. ശേഷിക്കുന്ന എല്ലാ മന്ത്രങ്ങളും നഷ്ടമായിരിക്കുന്നു. ഇത്രയും മഹത്തായ ഒരു വൈദിക വാങ്മയം കശ്യപ ഋഷിയുടെ പേരിൽ പ്രസിദ്ധമായിരുന്നു. അതുകൊണ്ട് 'കശ്യപീ പൃഥിവീ' എന്ന് വിളിക്കുന്നു.

മുഴുവൻ ഋഷികൾക്കുമിടയിൽ ഇപ്രകാരം കശ്യപനുണ്ടായിരുന്ന മഹത്വം വളരെ അധികമായിരുന്നു. ആരുടെ ഗോത്രം എന്താണെന്നറിയില്ലയോ അവരെ കശ്യപ ഗോത്രം ആയി പരിഗണിക്കുന്നു. ഇപ്പോഴും വൈദികസാഹിത്യത്തിൽ കശ്യപന് കിട്ടുന്ന ആദരം വളരെ വലുതാണ്. എന്നാൽ അദ്ദേഹത്തിന്റെ പേരിലുള്ള മന്ത്രങ്ങൾ അധികം ലഭിക്കാതിരുന്നതിനാൽ വസിഷ്ഠന് മുഖ്യത ലഭിച്ചു.

വസിഷ്ഠന്റെ കൂടെ ഋഷി പത്നി അരുന്ധതിയും താമസിച്ചിരുന്നു. ഈ ഋഷികൾ പ്രകൃതി ചികിത്സയിലൂടെ രോഗങ്ങളെ മാറ്റുന്ന വ്യവസ്ഥ ഉണ്ടാക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു.

സപ്തർഷികളുടെ ആശ്രമത്തിൽ പ്രകൃതി ചികിത്സ നടത്തിയിരുന്നു. ഇക്കാരണത്താൽ ഇപ്പോൾ ഈ സൂക്തത്തിന്റെ വിചാരം ചെയ്യാൻ ആരംഭിക്കുന്നു.

സപ്ത ഋഷികളുടെ നിസർഗോപചാരം (അഥവാ പ്രകൃതിചികിത്സ) - (മന്ത്രം 1-7).

**പാവകവർണ്ണാഃ ശുചയോ വിപശ്ചിതഃ (യജു. 33.81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

**1. ഭരദ്വാജ മഹർഷിയുടെ അന്ന ചികിത്സ**

ഋഗ്വേദം: മണ്ഡലം-10 സൂക്തം-137 മന്ത്രം-1

ഋഷിഃ ഭരദ്വാജഃ ॥ ദേവതാ - വിശ്വേ ദേവാഃ ॥
ഛന്ദഃ അനുഷ്ടുപ് ॥ സ്വരഃ ഗാന്ധാരഃ
ഉത ദേവാ അവഹിതം ദേവാ ഉന്നയഥ പുനഃ ।
ഉതാഗശ്ചക്രുഷം ദേവാ ജീവയഥാ പുനഃ ॥

ഹേ (ദേവാഃ) ദേവകളേ ! (അവഹിതം ഉത് നയഥ) വീണുപോയ എന്നെ മുകളിലേക്ക് ഉയർത്തൂ. ഹേ (ദേവാഃ) ദേവകളേ! (ഉത പുനഃ) വീണ്ടും വീണ്ടും ഉയർത്തൂ. ഹേ (ദേവാഃ) ദേവകളേ ! (ഉത ആഗഃ ചക്രുഷം) അപരാധം ചെയ്യുന്ന എന്നെ അപരാധത്തിൽ നിന്ന് രക്ഷിക്കൂ. ഹേ (ദേവാഃ) ദേവകളേ ! (പുന ജീവയഥ) രക്ഷിച്ചു എന്നെ ചിരഞ്ജീവി ആക്കിയാലും.

**2. കശ്യപ ഋഷിയുടെ പ്രാണ ചികിത്സ**

ഋഗ്വേദം: മണ്ഡലം-10 സൂക്തം-137 മന്ത്രം-2

ഋഷിഃ കശ്യപഃ ॥ ദേവതാ - വിശ്വേ ദേവാഃ ॥
ഛന്ദഃ നിചൃതനുഷ്ടുപ് ॥ സ്വരഃ ഗാന്ധാരഃ
ദ്വാവിമൗ വാതൗ വാത ആ സിന്ധോരാ പരാവതഃ ।
ദക്ഷം തേ അന്യ ആ വാതു പരാന്യോ വാതു യദ്ര പഃ ॥

(ഇമൗ) ഈ (ദൗ വാതൗ) രണ്ടു തരം വായുകൾ (വാത) ചലിക്കുന്നു. (സിന്ധോഃ ആ) ഒരു വായു സമുദ്രത്തിൽ നിന്ന് വരുന്നു. (പരാവതഃആ) രണ്ടാമത്തേത് ദൂരെയുള്ള ഭൂപ്രദേശത്തുനിന്നും വരുന്നു. (അന്യഃ തേ ദക്ഷം ആ വാതു) ഈ രണ്ട് വായുകളിൽ ഒന്ന് നിന്റെ ഉള്ളിൽ ബലം കൊണ്ടുവരുന്നു. (അന്യഃ അത് രപഃ പരാ വാതു) രണ്ടാമത്തേത് ഏതൊക്കെ ദോഷങ്ങൾ ഉണ്ടോ അവയെ ദൂരെ അകറ്റുന്നു.

**3. ഗോതമ ഋഷിയുടെ ഹവന ചികിത്സ**

ഋഗ്വേദം: മണ്ഡലം-10 സൂക്തം-137 മന്ത്രം-3

ഋഷിഃ ഗോതമഃ ॥ ദേവതാ വിശ്വേ ദേവാഃ ॥
ഛന്ദഃ നിചൃതനുഷ്ടുപ് ॥ സ്വരഃ ഗാന്ധാരഃ
ആ വാത വാഹി ഭേഷജം വി വാത വാഹി യദ്രപഃ ।
ത്വം ഹി വിശ്വ ഭേഷജോ ദേവാനാം ദൂത ഈയ സേ ॥

ഹേ (വാത) വായു ! (ഭേഷജം ആ വാഹി) നീ വ്യാധിയെ ഇല്ലാതാക്കുന്ന ഹിതകാരിയായ ഔഷധത്ത കൊണ്ടുവരൂ. ഹേ (വാത) വായു ! (യത് രപഃ വി വാഹി) യാതൊന്ന് അഹിത കരം ആണോ, പാപ മലം ആണോ അവയെ ദൂരെയകറ്റൂ / ഇല്ലാതാക്കൂ. (ത്വം ഹി വിശ്വ ഭേഷജ) നീ തന്നെയാകുന്നു സർവ്വ രോഗങ്ങളുടെയും ഔഷധം. (ദേവാനാം ദൂതഃ ഈയസേ) സർവ്വ ദേവതകളുടെയും ദൂതനായി നീ സർവ്വത്ര ചലിക്കുന്നു.

**(തുടരും)**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**

FOR PROOF READING ONLY





ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## സത്യവ്രതനായ സത്യകാമ ജാബാലൻ

**ഛാ**ന്ദോഗ്യോപനിഷത്തിലെ കഥയാണ്.

ഒരിക്കൽ സത്യകാമൻ എന്ന് പേരായ ബാലൻ തന്റെ മാതാവ് ജാബാലയോട് ചോദിച്ചു. 'അമ്മേ എനിക്ക് ബ്രഹ്മചര്യം സ്വീകരിച്ച് ഗുരു കുലത്തിൽ ചേർന്ന് പഠിക്കണമെന്നുണ്ട്. ഗുരുവിന് സമീപം ചെല്ലുമ്പോൾ ഗുരു ചോദിക്കും നിന്റെ ഗോത്രമേതാണ് എന്ന്. എന്റെ ഗോത്രം ഏതാണ് എന്നു പറഞ്ഞു തരുമോ?'

ആ മാതാവ് പറഞ്ഞു 'മകനേ, എനിക്കറിഞ്ഞുകൂടാ നീ ഏത് ഗോത്ര മാണെന്ന്. യൗവനകാലത്ത് എനിക്ക് പല ഗൃഹങ്ങളിൽ അനേകം വ്യക്തി കൾക്കായി സേവനം ചെയ്യേണ്ടി വന്നിട്ടുണ്ട്. ആ സമയത്ത് എപ്പോഴോ നിന്നെ എനിക്ക് ലഭിച്ചു. അതുകൊണ്ട് നീ ഏത് ഗോത്രത്തിലെയാണ് എന്ന് എനിക്കുപറയാൻ കഴിയുന്നില്ല. എന്നാൽ നിനക്കറിയാമല്ലൊ എന്റെ നാമം ജാബാലയെന്നാണെന്ന്, സത്യകാമൻ എന്നത് നിന്റെ പേരാണെന്നും. ഗുരു ചോദിച്ചാൽ പറയുക ഞാൻ സത്യകാമജാബാലൻ ആകുന്നു എന്ന്.'

ഗൗതമ ഗോത്രത്തിൽപ്പെട്ട ഹരിദ്രുമൻ അക്കാലത്തെ പ്രസിദ്ധനായ ഒരു ഗുരു ആയിരുന്നു. സത്യ കാമൻ വിദ്യാസമ്പാദനത്തിനായി അദ്ദേഹത്തിന്റെ ആശ്രമത്തിലെത്തി. ഗുരു ആ ബാലനോട് ചോദിച്ചു. ' മകനേ നിന്റെ ഗോത്ര മേതാണ്?' സത്യകാമൻ ഉത്തരം നൽകി. 'ഞാൻ എന്റെ മാതാവിനോട് ഈ ചോദ്യം ചോദിച്ചിരുന്നു. മാതാവ് എനിക്ക് നൽകിയ മറുപടി ഇതായി രുന്നു, യുവാവസ്ഥയിൽ അവർ അനേകം വ്യക്തികളെ സേവിച്ചിട്ടുണ്ട് അതുകൊണ്ട് എന്റെ ഗോത്രമേതാണെന്ന് അറിഞ്ഞു കൂടാ, മാതാവിന്റെ നാമം ജാബാല എന്നായതുകൊണ്ട് എന്റെ നാമം സത്യകാമജാബാലൻ എന്നാകുന്നു.

ഗുരു പറഞ്ഞു. 'മകനേ നീ സത്യത്തിൽ മുറുകെപ്പിടിച്ചിരിക്കുന്നു, ഒരു യഥാർത്ഥ ബ്രാഹ്മണനെ അതിന് കഴിയൂ എന്ന് ഞാനറിയുന്നു. ഹേ സൗമ്യ! സമിധ കൊണ്ടുവരൂ, തീർച്ചയായും നിന്നെ ഉപനയിച്ച് ദീക്ഷ നൽകാം. സത്യത്തിൽ നിന്നും വ്യതിചലിക്കാത്ത നീ യോഗ്യനായ ശിഷ്യനാകുന്നു.' ഗുരു സത്യകാമന്റെ ഉപനയന സംസ്ക്കാരം നടത്തി ബ്രഹ്മചര്യ ദീക്ഷയും തുടർന്ന് സത്യവിദ്യോപദേശവും നൽകി.

■

ഈശാവാസ്യമിദം സർവ്വമ് I (യജുർവേദം 40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.

FOR PROOF READING ONLY



# യജുർവേദം ഒരു സരള പരിചയം

ഡോ. ഭവാനിലാൽ ഭാരതീയ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## പ്രസ്താവന

**മാ**നവരാശിയുടെ ചരിത്രത്തിൽ ലോകത്തിലെ ഏറ്റവും പ്രാചീന ഗ്രന്ഥമായി വേദങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഭാരതീയ വൈദിക പാരമ്പര്യമനുസരിച്ച് വേദങ്ങൾ ഈശ്വരദത്തമായ അപൗരുഷേയമായ ജ്ഞാനമായി കണക്കാക്കുന്നു. വിവിധ പണ്ഡിതന്മാരും ധർമ്മാചാര്യന്മാരും സാമൂഹ്യപ്രവർത്തകരും ദാർശനീകരും വേദങ്ങളെ മാനവർക്ക് ഉപയോഗപ്രദമായ ജ്ഞാനത്തിന്റെ കലവറയായും ധർമ്മാധർമ്മം, കർത്തവ്യാകർത്തവ്യങ്ങൾ, വിധി-നിഷേധങ്ങൾ എന്നിവയുടെ നിർദ്ദേശങ്ങളായും സമ്മതിച്ചിട്ടുണ്ട്. വർത്തമാന കാലത്ത് ആര്യസമാജ സ്ഥാപകനായ ഋഷി ദയാനന്ദൻ ലുപ്തമായികൊണ്ടിരിക്കുന്ന വൈദിക ചർച്ചയെ പുന:രുദ്ധരിച്ച് സാധാരണക്കാർക്കായി വേദങ്ങളിലടങ്ങിയിരിക്കുന്ന ശ്വാശ്വത സത്യങ്ങളെ വെളിപ്പെടുത്തുന്നതിനായി ഹിന്ദിയിലും, സംസ്കൃതത്തിലും ഈ ഗ്രന്ഥങ്ങൾക്ക് പണ്ഡിതോചിതമായ വ്യാഖ്യാനങ്ങൾ എഴുതാൻ തുടങ്ങുകയും ചെയ്തു. എന്നാലദ്ദേഹത്തിന് ഇത് മുഴുവനും പൂർത്തിയാക്കാൻ തന്റെ ചുരുങ്ങിയ ജീവിതകാലത്തിനിടക്ക് സാധിച്ചില്ല. ഋഗ്വേദത്തിന്റെ ഏഴാം മണ്ഡലത്തിലെ 61ാം സൂക്തത്തിന്റെ രണ്ടാം മന്ത്രം വരെയും യജുർവേദത്തിന് പൂർണ്ണമായും അദ്ദേഹത്തിന് വ്യാഖ്യാനമുണ്ടാക്കാനായി. അവ ഇന്ന് വായനക്കാർക്ക് ലഭ്യമാണ്.

വേദാധ്യയനം ആരംഭിക്കുന്ന ഒരു സാധാരണ ജിജ്ഞാസുവിന് വേദവിഷയത്തെക്കുറിച്ച് സാമാന്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വിവരിക്കുന്നതിനായി ഋഗ്വേദാദി ഭാഷ്യഭൂമിക എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചു. അതിൽ വേദോത്പത്തി, വേദജ്ഞാനത്തിന്റെ നിത്യത, വേദസംജ്ഞ ഏതെല്ലാം ഗ്രന്ഥങ്ങൾക്കാണ്? വേദങ്ങളുടെ പഠന-പഠന അധികാരം എല്ലാ മനുഷ്യർക്കുമുണ്ടോ? തുടങ്ങിയ വിഷയങ്ങളെ വർണ്ണിച്ചിട്ടുണ്ട്. മനുവും മറ്റെല്ലാ ആചാര്യന്മാരും വേദങ്ങളെ മനുഷ്യർക്ക് പ്രയോജനപ്രദമായ ജ്ഞാന-വിജ്ഞാനങ്ങളുടെ മൂലസ്രോതസ്സായും സർവ്വ വിദ്യാമയമായും അംഗീകരിച്ചിട്ടുണ്ട്. ഇക്കാര്യം വിവരിക്കുന്നതിനായി മഹർഷി ദയാനന്ദൻ ഈ വേദഭൂമികയിൽ വേദങ്ങളിലടങ്ങിയ ആദ്ധ്യാത്മിക, ധാർമ്മിക, ദാർശനിക, സാമാജിക ജ്ഞാന-വിജ്ഞാന ഉറവിടവുമാണ് വേദങ്ങൾ എന്ന് തെളിയിക്കുന്ന നിരവധി പ്രമാണങ്ങളും നൽകിയിട്ടുണ്ട്.

**(തുടരും)**

**ദയാനന്ദ സന്ദേശത്തിൽ പ്രസിദ്ധീകരിക്കാൻ രചനകൾ ക്ഷണിക്കുന്നു**
താഴെ കൊടുക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്

1. രചനകൾ മൗലികമായിരിക്കണം
2. മറ്റെവിടെയും പ്രസിദ്ധീകരിച്ചതാവരുത്
3. പരിഭാഷകൾ ആണെങ്കിൽ ഗ്രന്ഥകർത്താവിന്റെ പേര് വെക്കണം.
4. മഹർഷി ദയാനന്ദസരസ്വതിയുടെ ആശയങ്ങൾക്കും വൈദിക സിദ്ധാന്തങ്ങൾക്കും അനുകൂലമായ രചനകൾ ആയിരിക്കണം.
5. രചനകൾക്കൊപ്പം അവയിലെ വിഷയങ്ങളെ സമർത്ഥിക്കുന്ന പ്രമാണങ്ങളും റഫറൻസ് ഗ്രന്ഥങ്ങളുടെ പേരും വെക്കണം.
6. രചനകൾ ടൈപ്പ് ചെയ്ത് സ്വന്തം പേരും മേൽവിലാസവും ഫോൺ നമ്പറും സഹിതം അയക്കണം.

പത്രാധിപർ

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

| | |
|---|---|
| 1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) (Big Size)<br>മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് | Rs.250.00 |
| 2. സത്യാർത്ഥപ്രകാശം (മലയാളം 2-ാം പതിപ്പ്) (Small Size)<br>മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ മീമാംസക് | Rs.100.00 |
| 3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി<br>പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ | Rs. 10.00 |
| 5. വേദാന്തിധ്വാന്ത നിവാരണം<br>മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 25.00 |
| 6. പൂനാ പ്രവചനം (ഉപദേശമഞ്ജരി)<br>മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക് | Rs.200.00 |
| 7. ആര്യോദ്ദേശ്യരത്നമാല<br>മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക് | Rs. 25.00 |
| 8. സംശയനിവാരിണി - ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 200.00 |
| 9. വേദപ്രകാശം പാഠാവലി -കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 10. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) -കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 11. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ മീമാംസക് | Rs. 35.00 |
| 12. ശിവസങ്കല്പം - കെ.എം.രാജൻ മീമാംസക് | Rs. 30.00 |
| 13. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ മീമാംസക് | Rs. 40.00 |
| 14. വൈദിക ഈശ്വരൻ - കെ.എം.രാജൻ മീമാംസക് | Rs. 35.00 |
| 15. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 16. 1921 മാപ്പിള ലഹള -ദിവാൻ ബഹദൂർ സി.ഗോപാലൻനായർ | Rs.250.00 |
| 17. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി, തർജ്ജമ : പി. നാരായണൻ | Rs 150.00 |
| 18. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 135.00 |
| 19. വ്യവഹാരഭാനുഃ - മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ: കെ.എം.രാജൻ മീമാംസക് | Rs. 90.00 |
| 20. ഹിന്ദു സംഘാടനം എന്തുകൊണ്ട് ? എങ്ങനെ ? : സ്വാമി ശ്രദ്ധാനന്ദൻ<br>തർജ്ജമ -കെ.എം.രാജൻ മീമാംസക് | Rs. 150.00 |
| 21. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ മീമാംസക് | Rs. 60.00 |
| 22. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ മീമാംസക് | Rs. 75.00 |
| 23. ഗോകരുണാനിധി - മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ : കെ.എം.രാജൻ മീമാംസക് | Rs. 50.00 |
| 24. ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു? - ബ്ര. അരുൺ ആര്യവീർ<br>തർജ്ജമ: കെ.എം.രാജൻ മീമാംസക് | Rs. 100.00 |
| 25. മനുസ്മൃതിയെ അറിയുക - തർജ്ജമ: കെ.എം.രാജൻ മീമാംസക് | Rs. 250.00 |

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ മീമാംസക്
2. ഋഗ്വേദത്തിന്റെ ഋക്സംഖ്യ - യുധിഷ്ഠിർ ജി. മീംമാസക്, തർജ്ജമ : കെ.എം.രാജൻ മീമാംസക്

(തപാൽ ചെലവ് പുറമെ)

Email: dayanandasandesam@gmail.com Phone: 9446575923, 9497525923

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-04-2025

RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25




Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor responsible for selecting articles: KM Rajan

**Email: dayanandasandesam@gmail.com** **Phone: 9446575923, 9497525923**